# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.07.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യസ്നേഹം പ്രവൃത്തികളിൽ പ്രതിഫലിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ. ഷിംലയിലെ വന്ദേമാതരം പ്രദർശനം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

**Vice President CP Radhakrishnan says patriotism must reflect in actions; inaugurates Vande Mataram exhibition in Shimla.**

2. ത്രിരാഷ്ട്രസന്ദർശനത്തിൻറെ അവസാനഘട്ടത്തിൽ ന്യൂസിലൻഡിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള സ്വീകരണം.

**Prime Minister Narendra Modi receives a warm welcome as he arrives in New Zealand on the final leg of his three-nation tour.**

3. ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ ലോകത്തെ ഏറ്റവും വലിയ ആരോഗ്യ ശൃംഖലയായി മാറിയതായി കേന്ദ്രമന്ത്രി ജെ.പി.നഡ്ഡ.

**Ayushman Bharat Digital Mission becomes the world's largest health network, says Union Minister JP Nadda.**

4. ആൽക്കഹോൾ അടങ്ങിയ ഔഷധങ്ങൾക്ക് കേന്ദ്ര സർക്കാരിൻറെ കർശന നിയന്ത്രണം; വിൽപ്പനയ്ക്ക് ലൈസൻസ് നിർബന്ധമാക്കി.

**The Central Government imposes strict regulations on alcohol-containing medicines; makes license mandatory for sales.**

5. കേരളത്തിൽ വ്യാപകമഴ. എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത; കേരളം - കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

**Widespread rain lashes Kerala; yellow alert in all districts today and fishing banned along Kerala-Karnataka-Lakshadweep coasts.**

6. ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം ക്വാർട്ടറിൽ ഇന്ന് രാത്രി 12.30 ന് സ്പെയിൻ, ബെൽജിയത്തെ നേരിടും.

**FIFA World Cup Football: Spain face Belgium in the second quarter-final tonight at 12:30 am.**

❁❁❁❁❁❁❁❁❁❁❁❁❁

**VP-VANDE MATARAM (INTRO)**

രാജ്യസ്നേഹം വാക്കുകളിൽ ഒതുങ്ങാതെ പ്രവർത്തികളിൽ പ്രതിഫലിക്കണമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ഷിംലയിൽ നടക്കുന്ന വന്ദേ മാതരം പ്രദർശനം വെർച്വലായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സത്യസന്ധത, മികവ്, ഐക്യം, പ്രതിബദ്ധത തുടങ്ങിയവയാണ്

രാജ്യത്തോടുള്ള സ്നേഹത്തെ സൂചിപ്പിക്കുന്ന ഘടകങ്ങൾ. ഐക്യവും ആത്മവിശ്വാസവും നിറഞ്ഞ ഇന്ത്യയെ കെട്ടിപ്പടുക്കാനുള്ള ദൃഢനിശ്ചയം ശക്തിപ്പെടുത്താൻ ഉപരാഷ്ട്രപതി ആഹ്വാനം ചെയ്തു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## VICE-PRESIDENT - BIHAR VISIT

ഉപരാഷട്രപതി സി പി രാധകൃഷ്ണൻ നാളെ ബിഹാർ സന്ദർശിക്കും. ഗയയിലെ നിയമസഭാ സമുച്ചയത്തിൽ പുതിയ എം എൽ എമാർക്കുള്ള പരിശീലന പരിപാടി അദ്ദേഹം ഉദ്ഘാടനം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## PM-NEW ZEALAND

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂസിലാൻഡിലെ ഓക്‌ലൻഡിലെത്തി. ഓക്‌ലൻഡ് വിമാനത്താവളത്തിൽ ന്യൂസിലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സ്വീകരിച്ചു. രണ്ടു ദിവസത്തെ സന്ദർശന വേളയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരം, നിക്ഷേപം, വിദ്യാഭ്യാസം, സാങ്കേതികവിദ്യ, എന്നിവ കൂടുതൽ ശക്തമാക്കുന്നതിനെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്യും.

## DRUG RULES AMENDED

ഉയർന്ന അളവിൽ ഇഥൈൽ ആൽക്കഹോൾ അടങ്ങിയ ഔഷധങ്ങളുടെ ദുരുപയോഗം തടയാൻ കേന്ദ്ര സർക്കാർ നിയന്ത്രണം ശക്തമാക്കി. 12 ശതമാനത്തിലധികം ഇഥൈൽ ആൽക്കഹോൾ അടങ്ങിയ മരുന്നുകൾക്ക് ഡ്രഗ്സ് നിയമപ്രകാരമുള്ള ലൈസൻസ് ഇനി നിർബന്ധമായിരിക്കും. മുൻപുണ്ടായിരുന്ന ലൈസൻസ് ഇളവുകൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം പിൻവലിച്ചു. ഏലക്ക, ഇഞ്ചി എന്നിവയുടെ ചില ദ്രാവക ഔഷധങ്ങളിൽ 90 ശതമാനം വരെ ആൽക്കഹോൾ അടങ്ങിയിരിക്കുന്നതായി കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. പുതിയ ഭേദഗതിയോടെ ഇത്തരം മരുന്നുകൾ നിയന്ത്രിത ഫാർമസികൾ വഴി മാത്രമേ ഇനി ലഭ്യമാകൂ.

## NADDA- ABDM REVIEW MEETING

ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷന്റെ പുരോഗതി വിലയിരുത്താൻ കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡയുടെ അധ്യക്ഷതയിൽ മൂന്നാമത് ഉന്നതതല യോഗം ചേർന്നു. പദ്ധതിക്ക് കീഴിൽ ഇതുവരെ 94 കോടി ഹെൽത്ത് അക്കൗണ്ടുകൾ രൂപീകരിക്കുകയും 105 കോടി ആരോഗ്യരേഖകൾ ബന്ധിപ്പിക്കുകയും ചെയ്തു. ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ ആരോഗ്യ സംവിധാനങ്ങളിൽ ഒന്നായി ഇത് മാറിയെന്ന് യോഗം വിലയിരുത്തി. ഡിജിറ്റൽ

ആരോഗ്യസംവിധാനത്തിന്റെ ഉപയോഗം രാജ്യമുടനീളം പരമാവധി വർദ്ധിപ്പിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

## MEGHWAL – MONSOON SESSION

പാർലമെൻററി കാര്യ സഹമന്ത്രി അർജുൻ റാം മേഘ്‌വാളും കേന്ദ്രസഹമന്ത്രി. എൽ. മുരുകനും, പാർലമെൻറ് വർഷകാല സമ്മേളനത്തിൻറെ ഒരുക്കങ്ങൾ അവലോകനം ചെയ്തു. സമ്മേളനം ഈ മാസം 20 ന് ആരംഭിച്ച് ഓഗസ്റ്റ് 13 വരെ തുടരും. ഇതിനായി നിശ്ചയിച്ചിട്ടുള്ള നിയമനിർമ്മാണ പ്രവർത്തനങ്ങളുടെ സമഗ്ര അവലോകനം നടത്തിയതായും ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയതായും സമൂഹമാധ്യമത്തിൽ പങ്കുവെച്ച പോസ്റ്റിൽ ശ്രീ മേഘ്‌വാൾ വ്യക്തമാക്കി.

## JAISHANKAR – OMAN

കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയ്‌ശങ്കറിൻറെ ഒമാൻ സന്ദർശനം തുടരുന്നു. ഒമാൻ വിദേശകാര്യമന്ത്രിയുമായി അദ്ദേഹം മസ്ക്കറ്റിൽ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിൻറെ വിവിധ വശങ്ങൾ ചർച്ചയായി. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സൈബർ, നിർമിത ബുദ്ധി തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചതായി സമൂഹമാധ്യമത്തിൽ പങ്കുവെച്ച പോസ്റ്റിൽ അദ്ദേഹം അറിയിച്ചു.

## DGP MEETING-RAMESH CHENNITHALA

കേന്ദ്ര ഏജൻസികളെയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പോലീസ് സേനകളെയും കോർത്തിണക്കി ഓപ്പറേഷൻ തൂഫാൻറെ രണ്ടാം ഘട്ടം നടപ്പാക്കുന്നതിലൂടെ കേരളത്തെ പൂർണമായും ലഹരി മുക്തമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല . തിരുവനന്തപുരത്ത് ഇന്ന് ചേർന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡി ജി പി മാരുടെ യോഗത്തിൽ പങ്കെടുത്തശേഷം

മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

## RAIN-KERALAM

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. എല്ലാ ജില്ലകളിലും കേന്ദ്രകാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം - കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. നാളെ മുതൽ 14 വരെ നേരിയ മഴയ്ക്കാണ് സാധ്യതയെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.

## FIFA-QUARTER-FINAL

ഫിഫ ലോകകപ്പ് ഫുട്ബോളിലെ രണ്ടാം ക്വാർട്ടർ ഫൈനലിൽ ഇന്ന് രാത്രി 12.30 ന് സ്പെയിൻ, ബെൽജിയത്തെ നേരിടും. യൂറോപ്യൻ കരുത്തരായ ഇരു ടീമുകളും നേർക്കുനേർ വരുന്ന പോരാട്ടമാണ് ഇന്നത്തേത്. ആദ്യ ക്വാർട്ടർ ഫൈനലിൽ ഇന്ന് പുലർച്ചെ, മൊറോക്കോയെ പരാജയപ്പെടുത്തി ഫ്രാൻസ്

സെമി ഫൈനലിൽ പ്രവേശിച്ചു. എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് ഫ്രാൻസിന്റെ വിജയം .

## TEST CRICKET

ലണ്ടനിലെ ലോർഡ്സിൽ നടക്കുന്ന വനിതാ ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ ഇംഗ്ലണ്ടിനെതിരായ ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ

3 വിക്കറ്റ് നഷ്ടത്തിൽ 189 റൺ നേടി. ടോസ് നേടിയ ഇംഗ്ലണ്ട് ഫീൽഡിംഗ് തിരഞ്ഞെടുക്കുകയായിരുന്നു.

## P. HARISH - (INTRO)

സംഘർഷങ്ങളുമായി ബന്ധപ്പെട്ട ലൈംഗിക അതിക്രമങ്ങളെ ശക്തമായി അപലപിച്ച് ഇന്ത്യ. ജനങ്ങളെ കീഴ്പ്പെടുത്താനും, വിയോജിപ്പുകളെ അടിച്ചമർത്താനും, ഭീകര അന്തരീക്ഷം

സൃഷ്ടിക്കാനും ഇത്തരം അതിക്രമങ്ങൾ നടക്കുന്നതായി ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി.ഹരീഷ് വ്യക്തമാക്കി. ഇത്തരം അതിക്രമങ്ങളെ ശക്തമായി അപലപിക്കുന്നതായും അദ്ദേഹം പറഞ്ഞു. (വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## WHATSAPP REPLY- MEITY

വാട്സാപ്പിൽ 'യൂസർനെയിം' ഫീച്ചർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഐടി മന്ത്രാലയം നൽകിയ നോട്ടീസിന് മെറ്റാ ഗ്രൂപ്പ് മറുപടി നൽകി. ഈ മറുപടി മന്ത്രാലയം പരിശോധിച്ചു വരികയാണ്. ഈ മാസം ആദ്യം നൽകിയ നോട്ടീസിൽ, ഫീച്ചറിനെക്കുറിച്ച് വിശദീകരണം നൽകാനും മന്ത്രാലയവുമായുള്ള ചർച്ചകൾ പൂർത്തിയാകുന്നതുവരെ ഇന്ത്യയിൽ ഇത് പുറത്തിറക്കരുതെന്നും കേന്ദ്ര സർക്കാർ, വാട്സാപ്പിനോട് ആവശ്യപ്പെട്ടിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## GOA-ONE NATION ONE ELECTION

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് ദൗത്യത്തിന് പിന്തുണ അറിയിച്ച് ഗോവ സർക്കാർ. ഇത് സംബന്ധിച്ച ചർച്ചകൾക്കായി ഗോവയിൽ എത്തിയ സംയുക്ത പാർലമെൻററി കമ്മിറ്റിക്ക് മുമ്പാകെയാണ് സർക്കാർ പിന്തുണ അറിയിച്ചത്. വികസനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും മികച്ച ഭരണം ഉറപ്പാക്കാനും ഈ നീക്കം

സർക്കാരുകളെ പ്രാപ്തമാക്കുമെന്ന് മുഖ്യമന്ത്രി പ്രമോദ് സാവന്ത് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**US-ISRAEL IRAN**

ഇറാനിലെ യുഎസ് ആക്രമണങ്ങൾക്ക് പിന്നാലെ ഗൾഫ് മേഖലയിലെ പുതിയ സൈനിക നീക്കങ്ങളെക്കുറിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവുമായി ഫോണിൽ ചർച്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിൽ കർശന ഏകോപനം തുടരാൻ നേതാക്കൾ തീരുമാനിച്ചു. അതേസമയം, യുഎസ് ഇനിയും ആക്രമണം തുടർന്നാൽ മേഖലയിലെ മറ്റ് അമേരിക്കൻ താവളങ്ങളും തകർക്കുമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

**PALESTINE-POLL DATE**

പലസ്തീനിൽ ഈ വർഷം നവംബർ 28-ന് നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുമെന്ന് പ്രസിഡന്റ് മഹമൂദ് അബ്ബാസ്. രണ്ടര പതിറ്റാണ്ടിന് ശേഷം നടക്കുന്ന ആദ്യ പൊതുതിരഞ്ഞെടുപ്പാണിത്. ജറുസലേം, വെസ്റ്റ് ബാങ്ക്, ഗാസ മുനമ്പ് എന്നിവ ഉൾപ്പെടെ എല്ലാ പലസ്തീൻ പ്രദേശങ്ങളിലും തിരഞ്ഞെടുപ്പ് നടക്കും. പലസ്തീനിൽ ജനാധിപത്യം കൂടുതൽ ശക്തിപ്പെടുത്തുകയും തെരഞ്ഞെടുപ്പ് പ്രക്രിയ പൂർണമാക്കുകയും ചെയ്യുക എന്ന

ലക്ഷ്യത്തോടെയാണ് തിരഞ്ഞെടുപ്പ് നടത്തുന്നതെന്ന് പ്രസിഡന്റ് പുറത്തിറക്കിയ ഉത്തരവിൽ വ്യക്തമാക്കി.

## GOYAL-REVIEW MEET

വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ ഇന്ന് ന്യൂഡൽഹിയിൽ നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ, വ്യവസായ - വാണിജ്യ വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരുമായി അവലോകന യോഗം ചേർന്നു. വിവിധ വകുപ്പുകൾ തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തുക, സ്ഥാപന ശേഷി ശക്തിപ്പെടുത്തുക, ഉൽപ്പാദനക്ഷമതയും സേവന വിതരണവും വർദ്ധിപ്പിക്കുന്നതിന് മികച്ച ശൈലികൾ സ്വീകരിക്കുക എന്നിവയിലാണ് ചർച്ചകൾ കേന്ദ്രീകരിച്ചത്.

## HARDEEP SINGH PURI

രാജ്യത്ത് E-85 പെട്രോൾ വിപണിയിലെത്തിക്കുന്നത് പരിഗണനയിലാണെന്ന് കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി. സാധാരണ E20 പെട്രോളിനെക്കാൾ ലിറ്ററിന് ഏകദേശം 20 രൂപ കുറവ് ഉണ്ടാകും. ഇതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനങ്ങളിൽ മാത്രമേ E-85 പെട്രോൾ ഉപയോഗിക്കാൻ അനുവദിക്കുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച എഥനോൾ മിശ്രിത

പദ്ധതി മുന്നോട്ടുകൊണ്ടുപോകുകയാണ് ഇതിന്റെ ലക്ഷ്യമെന്നും പെട്രോളിയം മന്ത്രി വ്യക്തമാക്കി.

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 828 പോയിന്റ് ഉയർന്ന് 77,569 ലും നിഫ്റ്റി 244 പോയിന്റ് നേട്ടത്തിൽ 24,207 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 280 രൂപ ഉയർന്ന് ഒരു ലക്ഷത്തി 6,200 രൂപയും ഗ്രാമിന് 13,275 രൂപയുമാണ് ഇന്നത്തെവില.